

# അമ്മമ്മ

ഇത്തവണ സ്കൂൾ തുറന്നപ്പോൾ തന്റെ മൂന്നാമത്തെ പേരക്കുട്ടിയെയും സ്കൂളിൽ ചേർക്കാൻ ആ അമ്മമ്മ വന്നിരുന്നു. വീടിനടുത്ത ലോവർ പ്രൈമറി വിദ്യാലയത്തിൽനിന്ന് നാലാം ക്ലാസ് കഴിഞ്ഞപ്പോൾ അവനെയും ഹോസ്റ്റൽ സൗകര്യമുള്ള സ്കൂളിലേക്കു കൊണ്ടുവരുകയായിരുന്നു. മൂത്ത രണ്ടു പേരെയും ഇതേ പ്രായത്തിൽത്തന്നെയാണ് ആ സ്കൂളിലേക്ക് അമ്മമ്മ കൊണ്ടുവന്നത്. അവരിൽ മൂത്തവൻ ഇപ്പോൾ ഒൻപതിലെത്തി. താഴെയുള്ളയാൾ ഏഴിലും.

ഇനി അമ്മമ്മ തന്റെ ചെറിയ വീട്ടിൽ ഒറ്റയ്ക്കാണ്. ഒന്നോർത്താൽ അമ്മമ്മയ്ക്ക് ആശ്വാസമാണ്. എന്നാൽ, ചിന്തകൾ പെരുകുന്തോറും മഹാസങ്കടങ്ങളും.

നാലുവർഷംമുമ്പു മൂത്തകുട്ടിയെ സ്കൂളിൽ വിടാൻ വന്നപ്പോഴാണ് അമ്മമ്മയെ ആദ്യം കാണുന്നത്, കരച്ചിൽ വടുകെട്ടിയ മുഖം മനസ്സിന്റെ ഭിത്തിയിൽ പതിഞ്ഞുകിടന്നു. വെപ്രാളപ്പെട്ട നടത്തം പൊറുതികെട്ട ജന്മത്തിന്റേതാണെന്നും ഞാൻ തിരിച്ചറിഞ്ഞു. കൂടെയുള്ള കുട്ടിക്കു ഹോസ്റ്റലിൽ താമസിക്കാനൊന്നും താൽപ്പര്യമില്ലായിരുന്നു. അമ്മമ്മയുടെ സാരിയിൽത്തൂങ്ങി അവൻ ചിണുങ്ങിയത്,

ആ സ്കൂളിൽ തന്നെ ചേർക്കേണ്ട എന്നു പറയാനാണ്. ചെറിയ കുട്ടിയല്ലേ, ഹോസ്റ്റൽ ജീവിതം സ്വീകരിക്കാനൊന്നും ആയിട്ടില്ലല്ലോ. അമ്മമ്മയുടെ സ്നേഹം നുകർന്ന് മതിയായിട്ടുണ്ടാവില്ലല്ലോ അവന്. അമ്മമ്മയുടെ കണ്ണുനിറഞ്ഞു. ഉറഞ്ഞുകൂടിയ സങ്കടങ്ങൾ അലിഞ്ഞൊഴുകാൻ തുടങ്ങി. പൊന്നുമക്കളെ എത്ര ലാളിച്ചാലാണു തന്റെ കൊതിയടങ്ങുക എന്ന് അമ്മമ്മ എന്നോടു തിരിച്ചു ചോദിച്ചു. മൂന്നു മക്കളുടെ ഭാരം താങ്ങാൻ കഴിയാത്തതുകൊണ്ടാണ് മൂത്തവനെ ഹോസ്റ്റലിൽ ചേർക്കാൻ തീരുമാനിച്ചത്. അമ്മയില്ലാത്ത മൂന്നു മക്കളെയാണു താൻ പോറ്റുന്നതെന്ന് അമ്മമ്മ പറഞ്ഞപ്പോൾ മുഖത്തെ ചുളിവുകളിലേക്കും കറുത്ത പാടുകളിലേക്കും ഞാൻ നോക്കി.

തേവിത്തേവി വറ്റിപ്പോയ കിണറാണ് മുമ്പിൽ. എന്നാലും പൊടിയുന്നുണ്ട് തെളിനീര്. എത്ര ദൂരത്തുനിന്നാണ് ആ അമ്മമ്മ വരുന്നത്!

അവനെ സ്കൂളിലും ഹോസ്റ്റലിലും ചേർത്തു മടങ്ങിപ്പോകുമ്പോൾ അമ്മമ്മ ഏങ്ങിക്കരഞ്ഞു. അങ്ങനെ കരയുന്ന ഒരമ്മമ്മയെ ജീവിതത്തിൽ ആദ്യമായി കാണുകയായിരുന്നു. അത്രയ്ക്കു പെരുകുന്ന സങ്കടങ്ങളുടെ അർഥം പിന്നീടാണെനിക്കു മനസ്സിലായത്.

വിധവയാണ് ആ അമ്മമ്മ. മൂന്നു പേരക്കുട്ടികളെയും പോറ്റിവളർത്താൻ അമ്മമ്മതന്നെ അധ്വാനിക്കണം. മൂന്നാമത്തെ പേരക്കുട്ടിക്കു രണ്ടു വയസ്സുള്ളപ്പോഴാണു കുട്ടികളുടെ അമ്മ മരണപ്പെടുന്നത്. ആ മരണം സാധാരണമരണമോ ദുർമ്മരണമോ ആയിരുന്നില്ലെന്ന് അമ്മമ്മ പറഞ്ഞപ്പോഴാണ് അമ്മമ്മയുടെ കണ്ണീര് തിളങ്ങുന്ന ഒരു സൂചിയായി മാറിയതും എന്റെ കണ്ണിൽ കൊണ്ടതും എനിക്കു കണ്ണീർ പൊടിഞ്ഞതും.

ആ മകൾ ഒരേയൊരു മകളായിരുന്നു.

ആണും പെണ്ണുമായി ഒന്ന്.

അവളുടെ ഭർത്താവ് തികഞ്ഞ മദ്യപാനിയായിരുന്നു. കലഹിച്ച ജീവിതത്തിൽനിന്നുതന്നെയാണ് മൂന്നു കുട്ടികളും പിറന്നത്.

ലാളിച്ചു വളർത്തിയ തന്റെ മകളെ അമ്മമ്മ ഒരിക്കലും ജോലിചെയ്യാൻ വിട്ടില്ല. പകരം അമ്മമ്മ പണിയെടുക്കാൻ പോയി. അമ്മമ്മ പണിചെയ്തു കൊണ്ടുവരുന്ന പണംകൊണ്ടെങ്കിലും അവന്റെ മുഖം തെളിയട്ടെയെന്നും കലഹമില്ലാതാവട്ടെയെന്നും അമ്മമ്മ ആഗ്രഹിച്ചു കാണണം. പക്ഷേ, അവന് ഒരു മാറ്റവും വന്നില്ല. അമ്മവിളക്ക് ഊതിക്കെടുത്തി പറക്കമുറ്റാത്ത മൂന്നു മക്കളെ ഇരുട്ടിലേക്കു തള്ളി അവരുടെ കരച്ചിലുകൾക്കു കാതു കൊടുക്കാതെ അവൻ എങ്ങോട്ടോ ഓടിപ്പോയി.

അതൊക്കെ കഴിഞ്ഞിട്ടിപ്പോൾ എട്ടു വർഷമായി. കരയാത്ത ഒറ്റദിവസം പോലും പിന്നെ അമ്മമ്മയുടെ ജീവിതത്തിലുണ്ടായിട്ടില്ല. പേരക്കുട്ടികൾക്കു വിളമ്പിക്കൊടുക്കുന്ന കഞ്ഞിയിൽ കണ്ണീരുപ്പ് എത്ര വീണലിഞ്ഞിട്ടുണ്ടെന്നും അമ്മമ്മയ്ക്കറിയില്ല. ഹോസ്റ്റലിലുള്ള കുട്ടിയെ ഇടയ്ക്ക് വന്നു കാണും അമ്മമ്മ. അവന്റെ ആവശ്യങ്ങളും ആവലാതികളും കേൾക്കുമ്പോൾ തുണിസഞ്ചിയിൽനിന്നു പിഞ്ഞിക്കീറിയ പേഴ്സ് പുറത്തെടുത്ത് അമ്മമ്മ നിന്നു പരുങ്ങുന്നതു ഞാൻ കണ്ടിട്ടുണ്ട്. ചില്ലറത്തുട്ടുകളിൽ കണ്ണീരു നനച്ച് അമ്മമ്മ അവനു കൊടുക്കും. വാശിപിടിച്ചിട്ടു കാര്യമില്ലെന്ന് അറിയാവുന്നതുകൊണ്ട് അവനത് മേടിക്കും. എത്രയോ തവണ ഞാനതു കണ്ടിട്ടുണ്ട്.

രണ്ടുവർഷം കഴിഞ്ഞപ്പോൾ രണ്ടാമത്തവനേയും ഹോസ്റ്റലിൽ ചേർത്തു. ഇപ്പോൾ മൂന്നാമത്തവനെയും! കണ്ണീര് നനച്ചു നൽകേണ്ട ചില്ലറത്തുട്ടുകളുടെ എണ്ണം വർധിക്കുകയാണ്. ആ പേഴ്സാവട്ടെ, കൂടുതൽ പിഞ്ഞിക്കീറുകയും ചെയ്തിരിക്കുന്നു.

മൂന്നു കുട്ടികളെയും ഹോസ്റ്റലിൽ കൊണ്ടുവിട്ടതോടെ അമ്മമ്മ വല്ലാതായിട്ടുണ്ട്. മക്കളുടെ ചൂടില്ലാത്ത വീട്ടിൽ അമ്മമ്മ തണുത്തു വിറയ്ക്കുന്നുണ്ടാവണം. ശരിക്കും ഉറങ്ങാൻ പറ്റുന്നുണ്ടാവില്ലെന്ന് അറിയാം. ഏകാന്തത അസഹനീയമായിരിക്കും. അമ്മയില്ലാത്ത കുട്ടികളെ നെഞ്ചോടു ചേർത്തുപിടിച്ചാണു വളർത്തേണ്ടതെന്ന് അമ്മമ്മയ്ക്കറിയാഞ്ഞിട്ടല്ല. അവരുടെ ആവശ്യങ്ങളൊന്നും നിറവേറ്റാൻ കഴിയാത്തതുകൊണ്ടും അവരുടെ പഠനത്തെച്ചൊല്ലി വലിയ പ്രതീക്ഷകൾ ഉള്ളതുകൊണ്ടും മാത്രമാണ് അവരെ ഹോസ്റ്റലിൽ വിട്ടത്. ഇപ്പോൾ ഇടയ്ക്കിടെ മൂന്നു പേരേയും കാണാൻ അമ്മമ്മ വരും.

JT 221-3/ MAL-8AT

അമ്മമ്മയുടെ കാതുകൾ നഗ്നമാണെന്നു മുമ്പു തന്നെ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. സൂര്യകിരണങ്ങൾ നിറങ്ങളൊക്കെയും കവർന്നെടുത്തു കൊണ്ടു പോയ ഒരേയൊരു സാരിയാണ് അമ്മമ്മ എന്നും ധരിക്കാറ്. ഈയിടെ മറ്റൊന്നുകൂടി ഞാൻ ശ്രദ്ധിച്ചു. അമ്മമ്മ ചെരുപ്പും ധരിക്കാറില്ല. ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ വിണ്ടുപൊട്ടിയിട്ടുണ്ട്.

മൂന്നു മക്കളേയും സ്റ്റാഫ്റൂമിൽ കൊണ്ടുവന്ന് അവരുടെ അധ്യാപകരെ കാണും അമ്മമ്മ. എന്റെ മക്കളെ പൊന്നുപോലെ നോക്കണേയെന്നു യാചിക്കും. പഠിപ്പിച്ചു കരകയറ്റണേ എന്നു പറയും. ഇന്റർവെൽസമയത്തു മൂന്നുപേരെയും കൂട്ടി അമ്മമ്മ അങ്ങാടിയിലേക്കിറങ്ങും. മൂന്നുപേരും അമ്മമ്മയുടെ സാരിയിൽ തൂങ്ങിയാണു നടക്കുക. അവർക്ക് ഒത്തിരി ആവശ്യങ്ങളുണ്ട്; ആവലാതികളുണ്ട്. ചായക്കടയിലേക്ക് അവരെ കൊണ്ടു പോകും അമ്മമ്മ. പൊറോട്ടയും പഴംപൊരിയും മേടിച്ചുകൊടുക്കും. പേന, ചെരുപ്പ്, ബെൽറ്റ്, ചോക്കലേറ്റ്... അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾക്ക് അവസാനമില്ല. അച്ഛനും അമ്മയുമുള്ള കുട്ടികളുടെ ബെഞ്ചിലാണു തന്റെ മക്കൾ ഇരിക്കുന്നതെന്ന് അമ്മമ്മയ്ക്കറിയാം. അതിന്റെ സങ്കടങ്ങളൊന്നും അവർക്കുണ്ടാവരുത്.

അമ്മമ്മ മടങ്ങിപ്പോകുന്ന നേരം ക്ലാസിലെ ടീച്ചറുടെ ശാസനപോലും വകവയ്ക്കാതെ ഏറ്റവും ഇളയവൻ വാതിൽക്കൽ ചെന്നുനിന്ന് അമ്മമ്മേയെന്ന് ഉറക്കെ വിളിച്ചതും ഒരിക്കൽ ഞാൻ കേട്ടു.

എന്റെ വേവലാതി പക്ഷേ അതൊന്നുമല്ല. കുട്ടികൾ വളരുകയാണ്. വർണത്തിളപ്പിന്റെ ലോകം വളരെ പെട്ടെന്ന് അവരെ മാറ്റിമറിക്കും. വെയിലിലൂടെ നടന്നു നടന്ന് നിറംമങ്ങിയ അമ്മമ്മയുടെ സാരിയിലേക്കു വെറുപ്പോടെ അവർ നോക്കും.

അന്നേരം അമ്മമ്മയുടെ കണ്ണീര് കണ്ണുകളിൽനിന്ന് പിൻവാങ്ങുമായിരിക്കും. പാദങ്ങളിലെ വിള്ളലുകളിലൂടെ ചോരയായി...

വയ്യ.

അമ്മമ്മയെക്കുറിച്ച് ആലോചിക്കാനേ വയ്യ.

**(ഇലഞ്ഞിപ്പൂമണമുള്ള നാട്ടുവഴികൾ)**
**-പി. സുരേന്ദ്രൻ**

- "അത്രയ്ക്കു പെരുകുന്ന സങ്കടങ്ങളുടെ അർഥം പിന്നീടാണെനിക്ക് മനസ്സിലായത്." അമ്മമ്മയുടെ സങ്കടങ്ങളുടെ കാരണമെന്താവാം?
- അമ്മമ്മയുടെ സവിശേഷതകൾ കാവ്യാത്മകമായി അവതരിപ്പിക്കുന്ന ഒട്ടേറെ പ്രയോഗങ്ങൾ പാഠഭാഗത്തുണ്ട്. അവ കണ്ടെത്തി ഓർമ്മക്കുറിപ്പിന് അവ എത്രമാത്രം ചാരുതയേകുന്നു എന്നു പരിശോധിക്കുക.
- വർണത്തിളപ്പിന്റെ ലോകം മനുഷ്യബന്ധങ്ങളെ പെട്ടെന്ന് മാറ്റിമറിക്കുന്നുവോ? കുടുംബബന്ധങ്ങൾ ഊഷ്മളമാകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു പ്രസംഗം തയാറാക്കുക.
- വന്നു + ഇല്ല - വന്നില്ല<br>തേവി + തേവി - തേവിത്തേവി<br>മഴ + ഇല്ല - മഴയില്ല<br>വിൺ + തലം - വിണ്ടലം

  അക്ഷരങ്ങൾ കൂടിച്ചേരുമ്പോൾ നാലുതരം മാറ്റങ്ങൾ ഉണ്ടാകുന്നത് കണ്ടല്ലോ. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.
- അമ്മമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക.